പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 284 12/10/2011 ൽ മറുപടിക്ക്

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. കെ.സി.ജോസഫ്.<br>(ബഹു :ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | എ) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാനായി പുസ്തക പ്രസിദ്ധീകരണത്തിന് നൂതന സ്കീമുകൾ ആവിഷ്കരിക്കുകയും പുസ്തക പ്രദർശനങ്ങൾ ഊർജിതപ്പെടുത്തുകയും ചെയ്തു. മുഖപത്രമായ 'വിജ്ഞാന കൈരളി' ഓരോ ലക്കവും ഓരോ പതിപ്പായി പുറത്തിറക്കാൻ തീരുമാനിച്ചു. ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുവാൻ നടപടി സ്വീകരിച്ചു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിന് സ്വന്തമായി ഒരു കെട്ടിടം ലഭ്യമാക്കുന്നതിനും കണ്ണൂരിലും എറണാകുളത്തും ഓരോ ബുക്ക്സ്റ്റാൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സർക്കാരിന്റെ 100 ദിനകർമ്മ പരിപാടിയോടനുബന്ധിച്ച് 141 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. മലയാള ഭാഷ ക്ലാസ്സിക്കൽ ഭാഷയാക്കുന്നതിനനുസൃതമായി ലാംഗ്വേജ് ലാബ് സ്ഥാപിക്കുന്നതാണ്. മലയാളികളല്ലാത്ത സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്കായി ഐ.എം. ജിയുടെ സഹായത്തോടെ നടത്തിവരുന്ന കോഴ്സ് ആധുനികവൽക്കരിക്കും |
| ബി) നൂറു ദിന പരിപാടിയിൽ ഉൾപ്പെടുത്തി എത്ര പുസ്തകങ്ങൾ പ്രകാശനം ചെയ്തിട്ടുണ്ട്; | ബി) 141 പുസ്തകങ്ങൾ പ്രകാശനം ചെയ്തു. |
| സി) വൈജ്ഞാനിക, സാഹിത്യപുസ്തകങ്ങൾ പ്രകാശനം ചെയ്യാൻ എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | സി) മൺമറഞ്ഞ സാഹിത്യനായകന്മാരുടെ ശതാബ്ദിയോടനുബന്ധിച്ച് അവരെ സംബന്ധിക്കുന്ന വൈജ്ഞാനിക ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കും. കൃഷിപുസ്തക കോർണർ, വന പുസ്തകകോർണർ, ആരോഗ്യ പുസ്തകകോർണർ, എന്നിവ പുനരാരംഭിച്ചു കഴിഞ്ഞു. ശാസ്ത്ര സാഹിത്യ കാരന്മാരുടെ ശില്പശാല സംഘടിപ്പിച്ച് പുതിയ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കും. സർക്കാരിന്റെ ഒന്നാം വാർഷിക ദിനത്തിൽ 365 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ് |
| ഡി) പ്രകാശനം ചെയ്യുന്ന പുസ്തകങ്ങൾ ജനങ്ങളിലെത്തിക്കുവാൻ മേളകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | ഡി) പരിഗണിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ